# ‘ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു’

**തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി**

‘**ദൈ**വസ്നേഹം പ്രപഞ്ചരചനയിൽ’ എന്ന ശ്രീ. ജയൻ വർഗീസിന്റെ പ്രൗഢമനോഹരമായ ലേഖനം ഞാൻ വായിക്കുകയുണ്ടായി. ഫ്ളൂ ബാധിച്ച് രണ്ട് ആഴ്ചകളോളം കിടന്നു പോയതുകൊണ്ട് ഉൽകൃഷ്ടമായ ഈ ലേഖനത്തിന് ഒരഭിനന്ദനം രേഖപ്പെടുത്താൻ ഇപ്പോഴാണ് സൗകര്യപ്പെട്ടത്. ആർക്കും ഒരിക്കലും അവഗണിച്ചുകളയുവാനും ഖണ്ഡിക്കുവാനും കഴിയാത്ത വിധത്തിലുള്ള ആശ്ചര്യകരമായ പ്രപഞ്ചസത്യങ്ങളുടെ വളരെ ഹ്രസ്വമായ ഒരാവിഷ്ക്കാരണം മാത്രമാണ് ജയൻ പ്രസ്തുത രചനയിലൂടെ നടത്തിയിരിക്കുന്നത്. ആർക്കും അത്രയുമൊക്കെയേ വർണ്ണിക്കുവാനും പറ്റുകയുള്ളൂ. വിഷയം അത്രയ്ക്ക് ബൃഹത്തും മഹത്വപൂർണ്ണവുമാണ്! ലേഖകന് എന്റെ അഭിനന്ദനങ്ങൾ!

അനന്തവും അത്യഗാധവും അപ്രാപ്യവും അത്ഭുതകരവുമായ പ്രപഞ്ചസത്യങ്ങളുടെ മുമ്പിൽ -ബഹുമില്യൻ കണക്കിനുള്ള ആകാശഗോളങ്ങളുടെ മുമ്പിൽ ശാസ്ത്രം നിസ്സഹായായി പകച്ചു നിൽക്കുകയാണിന്നും! സമുദ്രതീരത്തിലുെ മണൽത്തരികൾ പോലെ അനന്തമായ ആകാശത്തിൽ സ്ഥിതി ചെയ്യുന്ന ഈ ബഹുമില്യൻ നക്ഷത്രവ്യൂഹങ്ങളിൽ, സൂര്യകൂട്ടങ്ങളിൽ വെറും 3 ശതമാനത്തെപ്പറ്റിപ്പോലും ഒരു നോക്കി കാണുവാനോ പഠിക്കുവാനോ ശാസ്ത്രത്തിന് ഇന്നും കഴിയുന്നില്ല! അതിന് കാലവും കാലഗതിയും മതിയാവുകയുമില്ല എന്നുള്ളതാണ് സത്യവും!

സത്യം എന്നും സത്യമാണ്! അതിനെ മാറ്റിമറിക്കുവാനോ അതിന് അണു പോലും മങ്ങൾ ഏൽപ്പിക്കുവാനോ ലോകത്തിൽ ഒരു ശക്തിയെക്കൊണ്ടും സാധ്യമല്ല! തനിക്ക് സകല സത്യങ്ങളുമറിയാമെന്നും, ഇനിയും ജീവിതത്തിൽ തനിക്ക് യാതൊന്നും മനസ്സിലാക്കാനും പഠിക്കാനുമായിട്ട് അവശേഷിക്കുന്നില്ലെന്നും ഭാവിച്ച് ജീവിക്കുന്ന മനുഷ്യന്റെ അന്ത്യം അരിഷ്ടകരവും നിരാശാജനകവും തന്നെയായിരിക്കും! സംശയം വേണ്ട. എന്റെ ചിന്താഗതിയിൽ ഞാൻ അറിയപ്പെടാത്ത കോൾമയിർക്കൊള്ളിക്കുന്ന സത്യങ്ങൾകൊണ്ട് നിറയപ്പെട്ട ഒരത്ഭുത പ്രപഞ്ചത്തിന്റെ ഒരു മൂലയിൽ മാത്രമാണ് ഞാനിന്നും ജീവിക്കുന്നത്! മഹാനായിരുന്ന ഹെർബർട്ട് സ്പെൻഡർ പറഞ്ഞതുപോലെ ആകാശവിതാനത്തിന്റെ ശിൽപ്പകലാചാതുര്യം എന്താണെന്ന് മനസ്സിലാക്കാതെയും ഭൂമുഖത്ത് ദൈവകരം എഴുതിയിട്ടുള്ള മഹാപുരാണം എന്താണെന്ന് ഒന്ന് നോക്കാതെയും മനുഷ്യർ കടന്നുപോകുന്നു. ഇതല്ലേ എന്നും ഇന്നും മനുഷ്യന്റെ അവസ്ഥ ? പ്രശസ്തരുടെ അന്ത്യമോ ഏറെ ദയനീയം!

ദൈവത്തെ വെല്ലുവിളിച്ച് ജീവിച്ചിരുന്ന പ്രശസ്ത നാസ്തികനായിരുന്ന വോൾട്ടയറിന്റെ അന്ത്യവാചകങ്ങളെ ചരിത്രത്തിൽ നിന്നും ഭംഗ്യന്തരേണ ഞാന് ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. ‘യേശുവേ, ദൈവമേ ഞാനിതാ ദൈവത്താലും മനുഷ്യനാലും കൈവിടപ്പെട്ടവനായി മരിക്കുന്നു.’ തന്റെ മരണക്കിടക്കയിൽ ശുശ്രൂഷിച്ച നേഴ്സിന്റെ വാക്കുകൾ കൂടി ശ്രദ്ധിയ്ക്കാം. ’യൂറോപ്പിലെ സകല സമ്പത്തും തരാമെന്നു പറഞ്ഞാലും ഒരു നിരീശ്വരന്റെ മരണം കാണുവാൻ ഇനിയും എനിക്ക് കഴിയുകയില്ല’. അത് അത്രയ്ക്ക് നിരാശാജനകമായിരുന്നു!

മനുഷ്യന് ദൈവത്തെ തോൽപ്പിക്കാമോ? ശാസ്ത്രത്തിന് ദൈവത്തെ തോൽപ്പിക്കാമോ? സൃഷ്ടികർത്താവായ ദൈവത്തെ തോൽപ്പിക്കാനുള്ളത് യാതൊരു പരിശ്രമവും ശാസ്ത്രം നടത്തിയിട്ടില്. മറിച്ച് മനുഷ്യജീവിതത്തെ ഏറെ ക്ലേശരഹിതവും ക്ഷേമകരവും സുഖദായകവുമാക്കി തീർക്കുവാനാണ് ശാസ്ത്രം ഇതഃപര്യന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ അത്ഭുതകര

മായ നേട്ടങ്ങൾ കൈവരിക്കുവാൻ ശാസ്ത്രത്തിന് കഴിയുകയും ചെയ്തിരിക്കുന്നു. സകലത്തിന്റെയും സൃഷ്ടാവായ ദൈവം തമ്പുരാൻ പ്രപഞ്ചം മുഴുവനായും വാരിവിതറിയിട്ടുള്ള നന്മകളെയും അനുഗ്രഹങ്ങളെയും ദാനങ്ങളെയുമൊക്കെ ഒന്നൊന്നായി കണ്ടുപിടിച്ച് അംഗീകരിക്കുക മാത്രമാണ് ശാസ്ത്രം പ്രയേണ ചെയ്തു കൊണ്ടിരിക്കുന്നത്.

മറ്റുവിധത്തിൽ ഒരു ചെറിയ വസ്തുവിനെപ്പോലും മറ്റുള്ള ഒന്നിനെയും ആശ്രയിക്കാതെ പുതുതായി സൃഷ്ടിക്കുവാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല- കഴിയുകയുമില്ല എന്നുള്ളതല്ലേ സത്യം? വിവരിക്കുവാൻ ആയിരമായിരം സത്യങ്ങൾ ലോകത്തിന്റെ മുമ്പിൽ തുറന്നുകിടക്കുന്നു. എബ്രായ ലേഖനകർത്താവ് അവയെല്ലാറ്റിനെയും ഒരൊറ്റ വാചകത്തിലായി ഇങ്ങനെ സംക്ഷേപിച്ചിരിക്കുന്നു. 'ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു'. ആ അത്ഭുതപ്രപഞ്ചം ദൃശ്യമല്ലാത്ത കാരണങ്ങളായ അണുക്കളെയും പരമാണുക്കളെയും കൊണ്ട് ദൈവം സൃഷ്ടിച്ചിരിക്കുന്നു എന്നുള്ള മഹത്സത്യം സർ ഐസക്ക് ന്യൂട്ടൺ എന്ന വിശ്വാരാധ്യനായ ശാസ്ത്രജ്ഞൻ മനുഷ്യരാശിയുടെ മുമ്പിൽ തെളിയിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ എത്രയെത്ര ബൈബിൾ സത്യങ്ങളെയാണ് ശാസ്ത്രം കണ്ടുപിടിച്ച് അംഗീകരിച്ചുകൊണ്ടിരിക്കുന്നത്? 'ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'.

ദൈവം എവിടെ? സ്നേഹം എന്ന വിശുദ്ധ വികാരത്തിൽ ദൈവം വസിക്കുന്നു. സ്നേഹം എന്ന ഒറ്റ വാക്കിൽ ജീവിതനിയമങ്ങളെല്ലാം ദൈവം സംഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. ദൈവത്തെ കണ്ടെത്താൻ മതങ്ങളിലേക്കും മഹാപുരോഹിതന്മാരുടെയും ആത്മീയ നേതാക്കന്മാരുടെയും അടുത്തേക്ക് പോകണ്ടാ. അതിന് സ്വന്തം ശരീരത്തിലേക്കും ഹൃദയത്തിലേക്കും മാത്രം തിരിഞ്ഞാൽ മതി. 'ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു' എന്ന് സങ്കീർത്തനക്കാരൻ ദൈവത്തെ പ്രകീർത്തിച്ചിരിക്കുന്നു. ദൈവത്തെ അന്വേഷിക്കുന്നവനെ ബുദ്ധിമാൻ എന്ന് ബൈബിൾ വിലയിരുത്തിയിരിക്കുന്നു. നാം ദൈവത്തിൽ വിശ്വസിക്കുന്ന അൽപ്പജ്ഞാനിയും അഹങ്കാരികളുമോ? 'ആത്മീയ ശക്തി ലോകത്തെ ഭരിക്കുന്നെന്ന് വിചാരിക്കപ്പെടുന്ന ഏതൊരു ഭൗതിക ശക്തിയേക്കാളും ശക്തിയേറിയതാണെന്ന് മനസ്സിലാക്കിയിട്ടുള്ളവർ മഹാന്മാരാണെന്ന്' എമേഴ്സണും പറഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കുകയും ചെയ്യും.

*********